

# അമേരിക്കൻ പ്രസിഡന്റ്

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

നവംബർ ആറ് വടക്കേ അമേരിക്കയെ സംബന്ധിച്ചിടത്തോളം നിർണ്ണായ ദിനമാണല്ലോ. അടുത്ത നാലു വർഷത്തേ അമേരിക്കയുടെ പുതിയ സാരഥി ആരെന്ന് തീരുമാനിക്കുന്ന ദിവസമാണല്ലോ. ഈ രാജ്യത്ത് ഇന്ന് താമസിക്കുന്ന എല്ലാ കുടിയേറ്റക്കാരുമാണല്ലോ അവരുടെ പുതിയ പ്രസിഡന്റ് ആരെന്ന് തീരുമാനിക്കേണ്ടത്.

നമ്മൾ മലയാളികൾ തന്നെ രണ്ടു കൂട്ടർ ഉണ്ടിവിടെ. ഒന്ന് പ്രവാസി മലയാളികൾ. അതായത് ജന്മ വീട്ടിൽ നിന്ന് മാറി താമസിച്ചിട്ട് മടങ്ങി അവിടേക്ക് പോകുന്നവർ. രണ്ട് കുടിയേറ്റക്കാർ. അതായത് ജന്മ നാട്ടിൽ നിന്ന് വിദേശത്ത് വന്ന് സ്ഥിര താമസമാക്കുന്നവർ.

അമേരിക്കൻ പൗരത്വം നേടണമെന്ന് നിർബ്ബന്ധമില്ല ഇവിടെ വോട്ട് ചെയ്യുന്നതിന്. വോട്ടു ചെയ്യാനായി പേർ രജിസ്റ്റർ ചെയ്ത എല്ലാവർക്കും ഇവിടെ വോട്ടു ചെയ്യാം. ആർക്കാണ് നമ്മൾവോട്ടുചെയ്യേണ്ടത്എന്ന് നമ്മൾ പരിപൂർണ്ണ ബോധമുള്ളവരായിരിക്കണം.

ഇവിടെ ഡമോക്രാറ്റ് എന്നും റിപ്പബ്ളിക്കൻ എന്നും രണ്ടു പാർട്ടികൾഉണ്ട്. സാധാരണഎല്ലാആൾക്കാരും പാർട്ടിയുടെ അടിസ്ഥാനത്തിലായിരിക്കും വോട്ടു ചെയ്യുന്നത്. വളരെ ചുരുക്കം ആൾക്കാർ മാത്രമേ വ്യക്തികളെ നോക്കി വോട്ടു ചെയ്യുന്നത്.

സ്റ്റേജേൽ കയറി വാചക കസർത്ത് ചെയ്യുന്നതു കൊണ്ടു മാത്രം ഒരാൾ നല്ലതായിരിക്കണമെന്നില്ല. പറയുന്ന കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്ന ആളെ വേണം നമ്മൾ നമ്മുടെ ഭരണ സാരഥികളാക്കി കൊണ്ടു വരേണ്ടത്. അല്ലാതെ, നമ്മുടെ നാട്ടിലെ പോലെ വാചക കസർത്ത് ചെയ്തിട്ട് കടന്നു കളയുന്നവരെ നമ്മൾ ഒരിക്കലും പ്രോത്സാഹിപ്പിരുത്.

ഇപ്പോൾ ഇവിടെ ഡമോക്രാറ്റ് സ്ഥാനാർത്ഥിയായി പ്രസിഡന്റ് ഒബാമാ ഉണ്ട്. അതുപോലെ റിപ്പബ്ളിക്കൻ സ്ഥാനാർത്ഥിയായി ഗവൺർ മിറ്റ് റോമ്നിയുണ്ട്. പ്രസിഡന്റ് ഒബാമാ നല്ല ഒരു വ്യക്തിയായിട്ടാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. വളരെയധികം കഷ്ടപ്പാടുകളിൽ കൂടെ ജനിച്ച് വളർന്ന് സ്വയ പരിശ്രമം കൊണ്ടും ദൈവാനുഗ്രഹം കൊണ്ടും ഇന്ന് ഈ നിലയിൽ എത്തിയതാണെന്നാണ് ഞാൻ പഠിച്ചു മനസ്സിലാക്കിയിട്ടുള്ളത്. അപ്പോൾ പാവങ്ങളുടെ കഷ്ടതയും പ്രയാസങ്ങളും മനസ്സിലാക്കാനും പാവങ്ങളെ സഹായിക്കാനും സന്മനസ്സുള്ളവനാണ്.

സാധാരണ നമ്മൾ മലയാളികൾ കേരളത്തിൽ നിന്ന് വളരെ കഷ്ടതകൾ അനുഭവിച്ച്, വളരെ കഷ്ടപ്പെട്ട് ജീവിച്ചു വന്നിട്ട് നമ്മുടെ കഴിവുകൊണ്ടല്ല മറിച്ച് ദൈവാനുഗ്രഹം കൊണ്ടു മാത്രം ഇന്നിവിടെ എത്തിച്ചേർന്നവരാണല്ലോ. അപ്പോൾ അതുപോലെയുള്ള ഒരാളെ സ്നേഹിക്കുന്നത് സർവ്വസാധാരണമാണല്ലോ.

കഴിഞ്ഞ തെരഞ്ഞെടുപ്പു സമയത്ത് പ്രസിഡന്റ് ഒബാമാ വാഗ്ദത്തം ചെയ്ത എല്ലാ കാര്യങ്ങളും നടപ്പിൽ വരുത്തി എന്നത് അക്ഷരാർത്ഥത്തിൽ നമ്മൾക്ക് സന്തോഷിക്കുവാൻ വക നൽകുമല്ലോ. നമ്മളിൽ ആരെങ്കിലും ഒരാൾ കരഞ്ഞാൽ നമ്മളെപ്പോലെയുള്ള ഒരാളായ പ്രസിഡന്റ് ഒബാമാ തീർച്ചയായും കാണും എന്നെനിക്കുറപ്പുണ്ട്.

ഇതിനോടകം ഈ രണ്ടു സ്ഥാനാർത്ഥികളുടെ വാദപ്രതിവാദങ്ങളും നമ്മളിൽ വളരെയധികം ആൾക്കാർ കണ്ടിരിക്കുമല്ലോ. ഈ സംവാദങ്ങളില്ലൊം യാതൊരു വളിച്ച മുഖവും കൂടാതെ ധീരമായി സംവാദം ചെയ്ത വ്യക്തിയായിട്ടാണ് എനിക്ക് പ്രസിഡന്റ് ഒബാമായെ കാണാൻ കഴിഞ്ഞത്. സ്വയം ബോധവാനാണ് അദ്ദേഹം പറയുന്നതെന്തുമെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്.

ഇനിയുമുള്ള ഒരു കാലം ഇന്ന് അമേരിക്കയിൽ താമസിക്കുന്ന നമ്മളും നമ്മളുടെ അടുത്ത തലമുറയിൽ ഉള്ളവരും സമാധാനത്തോടെ കഴിയണമെന്നാഗ്രഹിക്കുന്നവരാണല്ലോ നമ്മളെല്ലാം. അതിന് ഇപ്പോൾ എന്റെ കാഴ്ചപ്പാടിൽ ഡമോക്രാറ്റിക്കിനെ അനുകൂലിക്കുന്നതായിരിക്കും ഏറെ നല്ലത്.

പ്രസിഡന്റ് ഒബാമാ സ്വവർഗ്ഗപ്രേമികളേയും ഗർഭഛിദ്രത്തേയും അനുകൂലിച്ചതായി കാണുന്നുണ്ട്. സത്യം പറഞ്ഞാൽ തുടക്കത്തിലേ അതിന് അദ്ദേഹം എതിരായിരുന്നു. ആ സമയങ്ങളിലെ വാർത്തകളിലെല്ലാം അത് വ്യക്തമായിരുന്നു. ഇപ്പോഴും വ്യക്തിപരമായി അദ്ദേഹത്തിന് അത് ഇഷ്ടമല്ല. എന്നാൽ സമ്മർദ്ദത്തിന് വഴങ്ങി എല്ലാവരും സന്തോഷകരമായിരുന്നോട്ടെ, രാജ്യത്ത് സമാധാനം നില നിൽക്കട്ടെ എന്ന ഒറ്റ ഉദ്ദേശം കൊണ്ടു മാത്രം അദ്ദേഹം അതിന് സമ്മതിച്ചതാണ്. ഈ കാര്യങ്ങൾ പറഞ്ഞ് അദ്ദേഹത്തെ കുറ്റപ്പെടുത്തി അദ്ദേഹത്തിന് വോട്ടു നൽകാതിരിക്കരുത്.

ഇനിയും ഒരു യുദ്ധം ഉണ്ടാകുകയോ അതിനുള്ള അവസരം ഉണ്ടാകുകയോ പാടില്ല എന്ന ചിന്താഗതിക്കാരനാണ് പ്രസിഡന്റ് ഒബാമാ. അദ്ദേഹം ഒരു സമാധാനപ്രേമിയാണ്. അതല്ലങ്കിൽ ഇതിനോടകം തന്നെ ലിബിയൻ പ്രശ്നം വന്നപ്പോൾ ഒരു യുദ്ധത്തിനുള്ള പുറപ്പാട് ചെയ്യുമായിരുന്നു.

പ്രസിഡന്റ് ഒബാമാ ഒരു ഗാന്ധി സ്നേഹിയും ഗാന്ധിയുടെ ആദർശങ്ങളിൽ വിശ്വസിക്കുന്ന ആളുമാണ്. ഈ രാജ്യത്ത് നിത്യമായ സമാധാനം നിലനിർത്താൻ ഗാന്ധിയൻ ആദർശത്തിൽ കൂടെ സാധിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്നുമുണ്ട്. ഈ രാജ്യത്ത് ഒരു നിത്യ സമാധാനം നിലനിർത്താൻ അദ്ദേഹത്തിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നുമുണ്ട്.

ഒരു ചിത്രകാരൻ തന്റെ ചിത്ര രചന അപൂർണ്ണമായിരിക്കുമ്പോൾ അത് നിർത്താൻ ആവശ്യപ്പെടാതെ അത് പരിപൂർണ്ണമാക്കുന്നതുവെരെയുള്ള സാവകാശം കൊടുക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. പ്രസിഡന്റ് ഒബാമാ എട്ടു വർഷംകൊണ്ട് പൂർണ്ണമാക്കാൻ തുടങ്ങിയ ചിത്രം പൂർണ്ണമാക്കാൻ നമ്മൾ ഇവിടെ താമസിക്കുന്ന മലയാളികൾ ബാദ്ധ്യസ്ഥരാണ്.

ഇതിനോടകം ഞാൻ ഈ അമേരിക്കയുടെ നാനാ ഭാഗങ്ങളിലുള്ള എന്റെ അറിവിൽ പെട്ട എല്ലാ മലയാളികളേയും ബന്ധപ്പെട്ടതിൽ തൊണ്ണൂറ്റി ഒൻപതു ശതമാനം പേരും പ്രസിഡന്റ് ഒബാമയ്ക്കാണ് വോട്ടു ചെയ്യുന്നതെന്നാണ് പറഞ്ഞത്. അപ്പോൾ നമ്മളുടെ ഓരോരുത്തരുടേയും വിലയേറിയ ഓരോ ഓട്ടും പ്രസിഡന്റ് ഒബാമയ്ക്കു തന്നെ നൽകി അദ്ദേഹത്തെ വിജയിപ്പിക്കണം. നമ്മൾ നമ്മളുടെ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ തീർച്ചയായും നമ്മൾ പ്രസിഡന്റ് ഒബാമയ്ക്കു തന്നെ വോട്ടു നൽകി വിജയിപ്പിക്കേണ്ടതാണ്. നമ്മൾ ഈ രാജ്യത്തുള്ള ഓരോ മലയാളിയുടേയും അഭിമാനമാണ് അദ്ദേഹം. പാവങ്ങളുടേയും നിർദ്ധനരുടേയും സഹായിയാണ് അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഡെമോക്രാറ്റിക്ക് പാർട്ടിയും. തീർച്ചയായും ഈ പൊതു തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് ബാരക്ക് ഒബാമാ തന്നെ വിജയിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.